# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



ഫെബ്രുവരി 2022 വാല്യം 61 ലക്കം 2

ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടുംകൂടെ നിങ്ങൾ പൂർണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ.

ജോയേൽ 2 : 12

ദൈവസന്നിധിയിൽ 40 വർഷങ്ങൾ



# മാർ മാത്യു പോത്തനാമുഴി

## അനുസ്മരണ ദിനം

ഫെബ്രുവരി 6

## കോതമംഗലം രൂപത കുടുംബത്തിന്റെ
## അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും



FR. JOHN KANAYANKAL



FR. MATHEW RAMANATTU



FR. SCARIA METHIPPARA



FR. JOSEPH KUNNUMPURATHU



FR. CYRIAC MANJAKADAMBIL



FR. KURIAN KUREEKATTIL



FR. KURIAN CHETTOOR



FR. JAMES KALLARACKAL



FR. JOSEPH VETTIKUZHICHALIL

# ആദരാഞ്ജലികളോടെ

# കോതമംഗലം രൂപത കുടുംബം



## മോൺ. മാത്യു വെള്ളാങ്കൽ

കോതമംഗലം രൂപതയുടെ രണ്ടാമത്തെ
വികാരി ജനറാൾ

ഇടവക : രണ്ടാർ
ജനനം : 15/01/1925
തിരുപ്പട്ടം : 21/12/1952
മരണം : 14/01/2022
മൃതസംസ്കാരം : 17/01/2022

**സേവനരംഗങ്ങൾ:**

അസി വികാരി  പറവൂർ പള്ളി (അവിഭക്ത എറണാകുളം അങ്കമാലി അതിരൂപത)
വികാരി: പുറപ്പുഴ, മാറാടി, മൂവാറ്റുപുഴ, കെല്ലൂർ (മാനന്തവാടി രൂപത)
വികാരി ജനറാൾ, സുറിയാനി അധ്യാപകൻ (നിർമല കോളേജ്), വാർഡൻ നിർമല കോളേജ്, ജുഡീഷ്യൽ വികാരി, വടവാതൂർ സെമിനാരി അധ്യാപകൻ, അധ്യാത്മിക പിതാവ്

## ഫാ. ജോസഫ് ചെറിയാൻ കോയിക്കക്കുടി



ഇടവക : നെല്ലിമറ്റം
ജനനം : 17/08/1943
തിരുപ്പട്ടം : 17/12/1968
മരണം : 14/01/2022
മൃതസംസ്കാരം : 18/01/2022

**സേവനരംഗങ്ങൾ:**

അസി വികാരി: മുരിക്കാശ്ശേരി
വികാരി: പള്ളിയ്ക്കാമുറി, തൊമ്മൻകുത്ത്, ചീനിക്കുഴി, വടകോട്, പൂയംകുട്ടി, ഇഞ്ചത്തൊട്ടി, നീണ്ടപാറ, ലോവർപെരിയാർ, പൊട്ടൻകാട്, ബൈസൺവാലി, പൊന്നന്താനം, വടാട്ടുപാറ, കോലടി, മുള്ളരിങ്ങാട്, പെരുമ്പിള്ളിച്ചിറ, നടുക്കര, നെയ്യശ്ശേരി

# ദൈവരാജ്യം


കോതമംഗലം രൂപത ബുള്ളറ്റിൻ

ഫെബ്രുവരി 2022 വാല്യം 61 ലക്കം 2




## ഉള്ളടക്കം


7 സിനഡ് അനന്തര സർക്കുലർ
15 കേരള സഭാനവീകരണം സർക്കുലർ
19 അമ്പതുനോമ്പ് : കുടുംബനവീകരണ കാലഘട്ടം
23 ലോകരോഗീദിനസന്ദേശം
29 തിരുബാലസഖ്യദിനം സർക്കുലർ
34 രൂപതക്കച്ചേരി
39 മൈനർ സെമിനാരി
39 വിജ്ഞാനഭവൻ
43 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
44 സോഷ്യൽ സർവീസ്
46 ചെറുപുഷ്പ മിഷൻലീഗ്
47 കെ. സി. എസ്. എൽ.
48 ഫാമിലി അപ്പോസ്തലേറ്റ്
49 പിതൃവേദി
50 മാതൃവേദി
50 ഡി. സി. എം. സ്
51 ഡി. എഫ്. സി.
51 യുവദീപ്തി
52 ജീസസ് യൂത്ത്
53 കത്തോലിക്കാകോൺഗ്രസ്
53 പ്രാർത്ഥനാഗ്രൂപ്പ്
54 സെന്റ് വിൻസെന്റ് ഡി പോൾ
55 കേരള ലേബർ മൂവ്മെന്റ്
56 ഇൻഫാം
56 രൂപതാദ്ധ്യക്ഷന്റെ ഡയറി
59 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
60 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 7 സിനഡ് അനന്തര സർക്കുലർ

Page 15 കേരള സഭാനവീകരണം സർക്കുലർ

Page 19 അമ്പതു നോമ്പ് : കുടുംബനവീകരണ കാലഘട്ടം

Page 23 ലോക രോഗീദിനം

Page 29 തിരുബാലസഖ്യദിനം

Page 34 സകലമരിച്ചവരുടെയും ഓർമ്മത്തിരുനാൾ

Page 34 വലിയനോമ്പാരംഭവും വിവാഹാഘോഷം മുടക്കവും

Page 37 Nirmala College of Pharmacy, Muvattupuzha - Recruitments


## തിരുനാളുകൾ



**02**
നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം




**23**
വി. പൊളിക്കാർപ്പ്



**04**
വി. ജോൺ ബ്രിട്ടോ



**25**
സകല മരിച്ചവരുടെയും ഓർമ്മ



**11**
ലൂർദ്ദ് മാതാവ്



**25**
വാ. സി. റാണി മരിയ

Prot. No. 0041/2022

# സിനഡ് അനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
കർദിനാൾ ജോർജ് ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടുവർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടുനയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3-ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യു

ന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923-ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതു നൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവ വിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കൻമാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**രക്തസാക്ഷി വാഴ്ത്തപ്പെട്ട ദൈവസഹായംപിള്ള**

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദൈവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15-ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്.

പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃകയാണ് ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

**പ്രേഷിത പ്രവർത്തനം**

മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിത ചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽതന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകല മനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെ സന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹി

ന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിതമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദരങ്ങളാണ് എന്ന സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാരുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ്മൂലം ആ

രുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധവയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

**കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും**

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

**ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ**

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റീസ് ജെ. ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം ന

ടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതരസമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാ രംഗങ്ങളിലും പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു തിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമ പദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം**

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെ സിനഡ്, പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ

നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്ത കാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പല വേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23

ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാപാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാസിനഡും നിർദ്ദേശിച്ച പ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡുപിതാക്കൻമാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാസിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായ മെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

NB: ഈ സർക്കുലർ 2022 ജനുവരി 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3627 /K-5/KCBC/OL/DS 19.01.2022

# കേരള സഭാനവീകരണം 2022-2025
## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിന്റെയും പുതിയ നാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡുകാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദ്ദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കോസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കോസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

### സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

കേരളസഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം“സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം” എന്നാണ്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ എഫേസൂസുകാർക്കെഴുതിയ ലേഖനം 2:20-22-ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പസ്തോലൻ ഇപ്രകാരം എഴുതുന്നു:

“അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടി

രിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നുചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതികശരീരവും ദൈവത്തിന്റെ ഭവനവുമായി പരിശുദ്ധാത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മ പ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

**എന്റെ സഭ, എന്റെ ഭവനം**

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തിരഞ്ഞെടുക്കപ്പെട്ടവരും (എഫേ 1: 4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യംവഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായിത്തീരുന്നു (1 കോറി 12:12-26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തിസ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തുവിശ്വാസിയുടെ വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധ

ത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിപ്പിക്കപ്പെടുന്നത്.

**നവീകരണമേഖലകളും പ്രക്രിയകളും**

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്ര നവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, 'സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസപരിശീലനം സഭയുടെ സുപ്രധാന ദൗത്യങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്ക വിധം മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിതചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസപരിശീലനം. വൈദിക-സന്ന്യസ്ത-അല്മായ-യുവജന പരിശീലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചനപ്രഘോഷണം, കൂദാശകളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടുംകൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (1 കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപ്പോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിലും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായ ഉത്തരവാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായങ്ങളോടും സഭ എന്നും പുലർത്തിപ്പോന്നിട്ടുള്ള സാഹോദര്യത്തിന്റെയും സംവാദത്തിന്റെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,
സ്നേഹാദരങ്ങളോടെ,
**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്
**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്
**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

NB: ഈ സർക്കുലർ 2022 ഫെബ്രുവരി 20-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# അമ്പതുനോമ്പ് : കുടുംബനവീകരണ കാലഘട്ടം

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

മിശിഹായിൽ സ്നേഹമുള്ളവരേ,

പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും ചൈതന്യവുമായി വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. രക്ഷകനായ ഈശോയുടെ പീഡാസഹനവും കുരിശുമരണവും ധ്യാനിച്ച് ഉയിർപ്പുതിരുനാളിലേക്ക് നമ്മെ നയിക്കുന്ന ഈ പുണ്യകാലം നമ്മുടെ ആത്മീയജീവിതത്തിന് പുതിയ ഊർജ്ജം പകർന്നു നൽകട്ടെ. പാപികളും ബലഹീനരുമായ നമ്മുടെ ജീവിതത്തെക്കുറിച്ച് ആത്മാർത്ഥമായ വിചിന്തനവും ആത്മപരിശോധനയും നടത്താനുള്ള അവസരമാണ് നോമ്പുകാലം. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കി തീർത്ഥയാത്ര ചെയ്യുന്ന നമ്മെ സംബന്ധിച്ച് ഈ യാത്ര സുഗമവും സുന്ദരവുമാക്കാൻ ഈ അൻപത് ദിവസങ്ങൾ ഉപയോഗപ്പെടുത്താം. പാപങ്ങളും പാപമാർഗ്ഗങ്ങളും ഉപേക്ഷിച്ച് ദൈവത്തോടൊത്ത് ജീവിക്കുവാനും ദൈവത്തെ പിതാവേ എന്ന് വിളിക്കാനുള്ള ആത്മവിശ്വാസം നേടിയെടുക്കാനുമുള്ള അവസരമായിത്തീരട്ടെ ഈ കാലഘട്ടം. ഇത്തരത്തിൽ നമ്മുടെ വ്യക്തിജീവിതത്തെയും കുടുംബസാഹചര്യങ്ങളെയും ശുശ്രൂഷാമേഖലകളെയും വിശുദ്ധീകരിക്കാനുതകുന്ന നല്ല ശീലങ്ങളും പാരമ്പര്യങ്ങളും നമ്മുടെ സഭ

യിൽ ഉണ്ട് എന്നത് നമുക്ക് അഭിമാനകരമാണ്. അവ ആത്മാർത്ഥത യോടെ തുടരാനും അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യാനും സാധിക്കേണ്ടതുണ്ട്.

ഈശോ ഏകരക്ഷകനാണ് എന്ന വിശ്വാസത്തിന്റെ അടിസ്ഥാ നസത്യം കലർപ്പ് കൂടാതെ പ്രഘോഷിക്കാനും അത് ജീവിതംകൊണ്ട് പ്രകാശിതമാക്കാനും നമുക്ക് പരിശ്രമിക്കാം. നോമ്പുകാലത്ത് ഇത്തരം അടിസ്ഥാന പ്രബോധനങ്ങളെ സംബന്ധിച്ച ചിന്തയും പ്രാർത്ഥനയും നമുക്ക് ജീവിതശൈലിയാക്കണം. ഇന്ന് നാം ജീവിക്കുന്ന സാഹചര്യ ങ്ങളിൽ ദൈവികകാര്യങ്ങളോടും കൂദാശകളോടും അപകടകരമായ നിസംഗത വളരുന്നത് കാണാനാകും. ഇവയെ പ്രതിരോധിക്കാനും അതിജീവിക്കാനും സാധിക്കണമെങ്കിൽ ഈശോയിലുള്ള വിശ്വാസം നമ്മിൽ ആഴപ്പെടണം. ഈശോ എനിക്ക് രക്ഷ നേടിത്തരാനാണ് കുരി ശിലേറിയത് എന്ന ബോധ്യം മനസ്സിൽ പതിപ്പിക്കാൻ സാധിക്കണം. തിന്മയുടെ ശക്തികളോടും പൈശാചിക ബന്ധനങ്ങളോടും പോരാ ടാനും വിജയിക്കാനും സാധിക്കണമെങ്കിൽ ദൈവത്തെ മുന്നിൽ നിർത്തണം. മാനുഷികമായ നേട്ടങ്ങളോ, സിദ്ധികളോ ഒരു പരിധി യിൽ കവിഞ്ഞ് നമ്മെ സഹായിക്കില്ല എന്നത് കഴിഞ്ഞ രണ്ടു വർഷ ങ്ങളായി പകർച്ചവ്യാധിയുടെ രൂപത്തിൽ അക്ഷരാർത്ഥത്തിൽ നാം അനുഭവിക്കുകയാണ്. തിന്മയുടെ ശക്തികളെ അതിജീവിക്കാൻ ഈശോ പറഞ്ഞ മാർഗം തന്നെയാണ് അനുയോജ്യമായത്. “പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗം പുറത്തുപോവുകയില്ല” (മർക്കോ. 9:29).

വലിയ നോമ്പിന്റെ ഈ കാലഘട്ടം വിശ്വാസത്തിൽ ആഴപ്പെ ടാനുള്ള കാലമായി മാറ്റണം. ദൈവത്തിന്റെ പരിപാലനയിലും സംര ക്ഷണയിലും പരിപൂർണ്ണമായി വിശ്വാസമർപ്പിക്കാൻ നമുക്ക് സാധി ക്കുന്നുണ്ടോ? ഈ മഹാമാരിയുടെ നടുവിലും ധാരാളം പ്രതിസന്ധി കൾക്കും ദുരന്തങ്ങൾക്കും മധ്യേ ദൈവം എന്നെ ചേർത്തുനിർത്തു ന്നുണ്ട് എന്ന ബോധ്യത്തോടെ ജീവിക്കുവാൻ എനിക്ക് സാധിക്കുന്നു ണ്ടോ? എന്റെ ദൈവം നാളിതുവരെ എന്നെ സംരക്ഷിച്ചു; ഇപ്പോഴും അവിടന്ന് എന്നെ പരിപാലിക്കുന്നു; ഭാവിയിലും അവിടത്തെ കരുത ലിന്റെ കരം എന്റെ കൂടെയുണ്ടാവും; ഈ വിശ്വാസത്തിന്റെ ബോധ്യം നമ്മുടെ ഹൃദയങ്ങളിൽ ശക്തമായി വേരുറപ്പിക്കണം. അപ്പോൾ പ്രതി കൂല സാഹചര്യങ്ങളെ പ്രതീക്ഷാനിർഭരമായ മനസ്സോടെ അഭിമുഖീ കരിക്കാനാകും. ഇത്തരത്തിൽ ആത്മീയ ബോധ്യങ്ങളിലടിയുറച്ച വ്യക്തികളും കുടുംബങ്ങളുമാണ് ക്രൈസ്തവസാക്ഷ്യത്തിന്റെ ഉദാത്ത മാതൃകകളായിത്തീരുന്നത്. അതുകൊണ്ട് സുവിശേഷ പ്രഘോഷണ

ത്തിനുള്ള സകല സാധ്യതകളും നാം പ്രയോജനപ്പെടുത്തണം. “വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനിപ്പിക്കുക” (2 തിമോ. 4:2). പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ ഈ നോമ്പു കാലത്ത് നമ്മുടെ ആത്മീയ ജീവിതത്തിന് ഉണർവേകുന്നതാകട്ടെ.

പ്രാർത്ഥനയിൽ ദൈവത്തെ കണ്ടുമുട്ടാൻ ഏറ്റവും അനുയോജ്യ മായ സമയമാണ് നോമ്പുകാലം. ശാരീരിക അച്ചടക്കവും, ഭക്ഷണ ക്രമീകരണങ്ങളും, പുണ്യസമ്പാദനത്തിനുള്ള വിവിധ മാർഗ്ഗങ്ങളും വഴി ദൈവത്തോട് കൂടുതൽ അടുത്ത് നിൽക്കാൻ അനുകൂല സാഹചര്യം ഒരുക്കുന്ന സമയമാണ് നോമ്പുകാലം. കുടുംബത്തിലും വ്യക്തിജീ വിതത്തിലും പ്രാർത്ഥന കുറച്ചുകൂടി സജീവമാക്കാൻ പരിശ്രമിക്കാം. ഈശോയുമായുള്ള വ്യക്തിപരമായ അടുപ്പം കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിക്കട്ടെ. വി. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യാ യത്തിൽ വായിക്കുന്നതുപോലെ യാക്കോബിന്റെ കിണറിന്റെ സമീപ ത്ത് ഈശോയോട് വ്യക്തിപരമായി സംസാരിക്കുകയും തന്റെ പ്രശ്ന ങ്ങൾക്ക് പരിഹാരം കണ്ട് സന്തോഷത്തോടെ തിരികെ പോകുന്ന സമരിയാക്കാരി സ്ത്രീയെപ്പോലെ നമ്മുടെ പ്രശ്നങ്ങളും പ്രതിസന്ധി കളും ഈശോയ്ക്ക് സമർപ്പിച്ച് പരിഹാരം കണ്ടെത്താം.

വ്യക്തിപരമായ ജീവിതത്തിൽ നന്മയിൽ വളരുവാനുള്ള കാല മാണ് നോമ്പുകാലം. ചില ദുഃശീലങ്ങൾ ഉപേക്ഷിക്കാൻ പരിശ്രമിക്കു മ്പോൾ അതിനുള്ള കൃപ ദൈവം നമുക്ക് നൽകും. നല്ല ശീലങ്ങളും താല്പര്യങ്ങളും ആർജിച്ചെടുത്ത് നല്ല വ്യക്തിത്വം രൂപീകരിക്കാൻ ഈ കാലഘട്ടം പ്രയോജനപ്പെടുത്തണം. ഇതു സാധ്യമാകുന്നത് പ്രാർ ത്ഥന, ദാനധർമ്മം, ഉപവാസം എന്നിവയിലൂടെയാണ്. സഭയുടെ അമൂ ല്യമായ വിശുദ്ധ പാരമ്പര്യങ്ങളെ ഹൃദയത്തിൽ ഏറ്റുവാങ്ങി ആധുനി കകാലത്തിന്റെ പ്രലോഭനങ്ങളെ വിവേകത്തോടെ അതിജീവിച്ച് ഈ നോമ്പുകാലം ആത്മീയജീവിതത്തിലെ ആഘോഷമാക്കി മാറ്റണം.

നോമ്പാചരണത്തിന്റെ ആത്യന്തികലക്ഷ്യം ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുക എന്നതാണ്. സഹനങ്ങൾക്കും ദുരിതങ്ങൾക്കും അവസാനമുണ്ടെന്നും ദൈവകരുണ നമ്മെ നിരന്തരം ശക്തിപ്പെടുത്തുമെന്നും ഉറച്ചു വിശ്വസിക്കാം. ഏകരക്ഷകനായ ഈശോയുടെ സജീവസാക്ഷികളായി ജീവിക്കാനും അനുദിനജീവിത ത്തിലെ ദൈവപരിപാലനയുടെ അനുഭവങ്ങളോർത്ത് വിശ്വാസത്തിൽ ആഴപ്പെടാനും നമുക്ക് പരിശ്രമിക്കാം.

കുടുംബങ്ങളിലെ പ്രാർത്ഥനാന്തരീക്ഷം ഊർജ്ജസ്വലമാക്കാനും നന്മനിറഞ്ഞ ശീലങ്ങൾ വ്യക്തിജീവിതത്തിന്റെ ഭാഗമാക്കാനും ഈ

നോമ്പുകാലം പ്രയോജനപ്പെടുത്താം. വലിയ നോമ്പാചരണത്തിന്റെ ഭാഗമായി മത്സ്യമാംസാദികൾ ഉപേക്ഷിച്ചും പ്രായശ്ചിത്ത പ്രവൃത്തികളിൽ വ്യാപരിച്ചും ആത്മവിശുദ്ധീകരണം പ്രാപിക്കണമെന്ന് സഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. സഭയോടു ചേർന്ന് ഈ വിശുദ്ധ പാരമ്പര്യങ്ങളെ നമുക്ക് ജീവിതത്തോട് ചേർത്തുവയ്ക്കാം. നമ്മുടെ കുടുംബങ്ങളിലെ കുട്ടികൾക്കും യുവജനങ്ങൾക്കും നോമ്പാചരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊടുക്കാനും അത് പാലിക്കാനും മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ.

താഴെപറയുന്ന ചില പ്രായോഗിക നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്:

- കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് സന്ധ്യാപ്രാർത്ഥന ചൊല്ലുകയും വി. ഗ്രന്ഥത്തിലെ ഒരദ്ധ്യായം എല്ലാ ദിവസവും പ്രാർത്ഥനയ്ക്കു ശേഷം പൊതുവായി വായിക്കുകയും ചെയ്യുക.
- മാധ്യമങ്ങൾ, പ്രത്യേകിച്ച് സോഷ്യൽമീഡിയ, ഒരു അടിമത്തമായി കുട്ടികളുടെയും മുതിർന്നവരുടെയും സമയവും കഴിവുകളും അപഹരിക്കുന്നുവെങ്കിൽ കൃത്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കുക.
- ആരോടെങ്കിലും വഴക്കോ, പിണക്കങ്ങളോ, പരിഭവങ്ങളോ ഉണ്ടെങ്കിൽ രമ്യതപ്പെടാനും പരിഹരിക്കാനും മുൻകൈയെടുക്കുക.
- കുടുംബാംഗങ്ങൾ പരസ്പരം പ്രാർത്ഥിക്കുക.
- വിശ്വാസ പ്രതിസന്ധികളുടെ ഈ കാലത്ത് സഭയ്ക്കും, വൈദികർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

Ref: 3630 /K-5/KCBC/OL/DS 17.01.2022

# മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

**ഫെബ്രുവരി 11, 2022**

*"നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ"* (ലൂക്കാ 6:36).

ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പതു വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ്-19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെകിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

**1. പിതാവിനെപ്പോലെ കരുണാമയൻ**

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, "നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന പ്രമേയം "കരുണാസമ്പന്നനായ" (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രതയോടെയും ദൈവം നമ്മോടു കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**2. യേശു, പിതാവിന്റെ കരുണാഭാവം**

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാരമൊരു ഉത്തരം നല്കുന്നു: "വേദന ഒരാളെ പൂർണമായും ഒറ്റപ്പെടുത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥിക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു." വ്യക്തികൾ രോഗം മൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർഥംതേടൽ അടിയന്തിരപ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്, തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ – അവർ തീവ്രപരിചരണവിഭാഗത്ത് വിശാലമനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെയാണു ചെലവിട്ടതെങ്കിലും – നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വനത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കുകയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

**3. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ**

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെലവഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവുംകൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിത ദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവന്റെയും അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽനിന്ന്, പ്രത്യേകിച്ച് അവന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠകളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിന്റെയും സാമീപ്യത്തിന്റെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നല്കുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

**4. ശുശ്രൂഷാകേന്ദ്രങ്ങൾ "കരുണയുടെ ഭവനങ്ങൾ" ആകുമ്പോൾ**

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം. രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിന്റെ ഭാഗമായി അസംഖ്യം "നല്ല സമറിയാക്കാരന്റെ സത്രങ്ങൾ" തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്രത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ വിലകൊടുക്കുന്നവർ.

പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരുന്നുകൊണ്ട് അസംഖ്യം മിഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപത്രികളും ചികത്സാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും ദരിദ്രമായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗകര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്രരാഷ്ട്രങ്ങളിൽ കോവിഡ്-19ന് എതിരേയുള്ള കുത്തിവയ്പുസാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ അതിലുപരി, ലളിതമായ മരുന്നുകൾകൊണ്ട് ചികത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും ഇപ്രകാരമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവച്ചു പ്രവർത്തിക്കുന്നു.

"പ്രയോജനരഹിതത്വത്തിന്റെ സംസ്കാരം" (culture of waste) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, "ദയാഭവനങ്ങൾ" പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും - അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ - മാതൃകാപരമായവയാണ്.

**5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും**

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യപരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ - ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ - അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? "ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും "രോഗികളുടെ ആരോഗ്യമായ" മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർഥവും

ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരിചരണവും അതോടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

എല്ലാവർക്കും ഞാൻ ഹാർദമായി എന്റെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.

ഫ്രാൻസിസ് പാപ്പാ
റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം
10 ഡിസംബർ 2021
ലൊറേറ്റോയിലെ മാതാവിന്റെ സ്മരണാദിനം

---

Ref: 3628 /K-5/KCBC/OL/DS 20.01.2022

# 2022 ഫെബ്രുവരി 13 തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് 1843-ൽ തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും, 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

## സിനഡും കുട്ടികളും

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കപ്രക്രിയ വളരെ വിപുലമായ രീതിയിൽ നടക്കുന്ന ദിനങ്ങളാണിത്. "സിനഡാത്മകസഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം" എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയും കൂടിയാലോചനകൾ നടത്തുന്ന ഈ അവസരത്തിൽ ഈ സിനഡൽ പ്രക്രിയയിൽ കുട്ടികളുടെ മൂല്യവും പങ്കും തിരിച്ചറിയേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സിനഡാത്മകപ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാനസ്നാനം സ്വീകരിച്ച സകലരെയും പാപ്പ ക്ഷണിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് ഉദ്ദേശ്യം. പുറന്തള്ളപ്പെടാൻ സാധ്യതയുള്ളവരായവരെ–സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവിക്കുന്നവർ, അപൂർവ്വമായി മാത്രമോ നാമമാത്രമായോ വിശ്വാസജീവിതമുള്ള കത്തോലിക്കർ തുടങ്ങിയവരെ–പങ്കെടുപ്പിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തണം എന്നും കുട്ടികളെയും യുവജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗാത്മകമായ വഴികൾ കണ്ടെത്തണം എന്നും സിനഡിന്റെ ആമുഖരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണമായിട്ടാണ് സിനഡാത്മക പ്രക്രിയ അവതരിപ്പിക്കപ്പെടുന്നത്. പരസ്പരം ശ്രവിക്കലും വിവേചിച്ചറിയലും പങ്കാളിത്തവുമാണ് ഇതിന്റെ മുഖമുദ്ര. സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവികസ്വരം തിരിച്ചറിയുകയാണ്; അതിനുള്ള മാർഗ്ഗം എല്ലാവരുടെയും പങ്കാളിത്തമാണ്. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമുള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാനങ്ങൾക്കും ആഴവും വിശാലതയും കൈവരുക. എല്ലാത്തരത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഒരുപക്ഷേ നമ്മൾ നിസ്സാരരെന്ന് കരുതുന്നവരിലൂടെയാകും ദൈവം നമ്മോട് സംസാരിക്കുക. ഇവിടെയാണ് കുട്ടികളുടെയും യുവാക്കളുടെയും പ്രാധാന്യം.

പരസ്പരം ഉള്ളുതുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ടുപോകുന്നതിലൂടെയാണ് ഒരു സിനഡൽ അനുഭവം നമുക്ക് ലഭിക്കു

ക. ഇത് നമ്മുടെ കുടുംബങ്ങളിൽ ആദ്യം നടക്കണം. കുട്ടികൾക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും സംസാരിക്കാൻ അവസരം കൊടുക്കുകയും അവരെ എളിമയോടെ ശ്രവിക്കാൻ മുതിർന്നവർ തയ്യാറാവുകയും വേണം. മുൻവിധികളില്ലാതെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും നമുക്ക് കഴിയണം. അതുപോലെതന്നെ കുട്ടികളും തങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശ്രവിക്കുവാൻ ഔദാര്യം കാണിക്കണം. കുട്ടികൾ എന്ന നിലയിൽ നല്കുന്ന പരിഗണനകളും പ്രത്യേക സ്വാതന്ത്ര്യവും ദുരുപയോഗിക്കുവാൻ പാടുള്ളതല്ല. നമ്മുടെ മാതാപിതാക്കളെയോ കുടുംബാംഗങ്ങളെയോ മുൾമുനയിൽ നിർത്തുന്ന ഒന്നും ദൈവപൈതലിന് ചേരാത്തതാണ്. ഇന്നലെകളിൽ കണ്ടുമുട്ടിയ ചിലരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി മാതാപിതാക്കളെ തള്ളിപ്പറയുന്ന അവസ്ഥ ഏറെ സങ്കടകരമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് ചെറിയ ചെറിയ ദൗത്യങ്ങൾ കുട്ടികളെ ഏല്പിച്ച് അവരെ പങ്കാളിത്തമനോഭാവത്തിൽ വളർത്തണം. അങ്ങനെ ത്യാഗപൂർണമായ മനസ്സോടെ മറ്റുള്ളവരിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിച്ചെല്ലാനുള്ള പ്രേഷിതമനോഭാവം അവരിൽ വളർത്താൻ കഴിയും.

**ദൈവവിളി പ്രോത്സാഹനം**

ഈ കൊറോണക്കാലത്ത് ദൈവവിളി പ്രോത്സാഹനത്തിനുള്ള സാധാരണ മാർഗ്ഗങ്ങളായ ദൈവവിളി ക്യാമ്പുകളും ഗൃഹസന്ദർശനവും നടത്താൻ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് മാതാപിതാക്കളും മതാദ്ധ്യാപകരും സാധിക്കുന്ന രീതിയിൽ ദൈവവിളി പ്രോത്സാഹനത്തിന് മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള കുട്ടികളുടെ ആഭിമുഖ്യങ്ങളെ തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നല്കി ദൈവപദ്ധതിക്ക് കീഴ്പ്പെടുന്നതുമാണ് അനുഗ്രഹം. "കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്" എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ," എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

**തിരുബാലസഖ്യത്തിന്റെ പ്രാധാന്യം**

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽപോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും ഈ മഹാമാരിക്കാലത്തെ പ്രത്യേക സാഹചര്യങ്ങളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസപൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ, നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണത്തിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യം പ്രവർത്തിക്കുന്നു. നമ്മുടെ ഇടവകയിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം

പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യ പ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്ന് നിൽക്കുവാൻ പ്രേരിപ്പിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശരത്വവും ലഹരിയും വളരുന്ന ഈ കാലഘട്ടത്തിൽ സഹവർത്തിത്ത്വത്തിന്റെ പാതയിലൂടെ ചരിക്കാനും വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും കുട്ടികളെ നമുക്ക് സഹായിക്കാം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞങ്ങൾ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2022 ഫെബ്രുവരി 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *12/2022* അഖിലലോക രോഗീദിനം

2022 ഫെബ്രുവരി 11-ാം തീയതി വെള്ളിയാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

## *C. 13/2022* സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ

നമ്മുടെ ആരാധനക്രമചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് 2022 ഫെബ്രുവരി 25-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണം മൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

## *C.14/2022* വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

2022 ഫെബ്രുവരി 27-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. വളരെ അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ ആഘോഷങ്ങൾ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി, വിവാഹം

ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

## C. *15/2022* പുതുക്കിയ കുർബാന ധർമ്മവും പടിസാധനവും

2021 ഡിസംബർ 14-ന് നടന്ന പ്രിസ്ബിറ്ററൽ കൗൺസിലിന്റെ തീരുമാനപ്രകാരം കുർബാനധർമ്മത്തിന്റെയും പടിസാധനത്തിന്റെയും നിരക്ക് പുതുക്കിയിരിക്കുന്നു. 2022 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതാണ്. 2022 മാർച്ച് 31-നു മുമ്പ് പഴയ നിരക്കിലുള്ള കുർബാനധർമ്മങ്ങൾ രൂപതക്കച്ചേരിയിൽ ഏല്പിക്കേണ്ടതാണ്. 2022 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്കിൽ മാത്രമേ കുർബാനധർമ്മവും മറ്റു പടിസാധനങ്ങളും അരമനക്കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.

| തിരുക്കർമ്മങ്ങൾ | പള്ളിക്ക് | കാർമ്മികന് | സഹകാർമ്മികന് | കപ്യാർക്ക് | പാട്ടുകാർക്ക് | ആകെ |
|---|---|---|---|---|---|---|
| ഒറ്റക്കുർബാന | - | 100.00 | | | | 100.00 |
| ആത്മകാര്യം ഒറ്റക്കുർബാന (ഉഭയ കുർബാന) | - | 120.00 | | | | 120.00 |
| **ആഘോഷമായ കുർബാന** | **25.00** | **130.00** | | **20.00** | **25.00** | **200.00** |
| **ഗ്രിഗോറിയൻ കുർബാന** | | **6000.00** | | | | **6000.00** |
| റാസ | 125.00 | 225.00 | 3 X 125.00 | 75.00 | 200.00 | 1000.00 |
| **ചെറിയ ഒപ്പീസ് പള്ളിയിൽ** | **4.00** | **10.00** | | **6.00** | | **20.00** |
| **ചെറിയ ഒപ്പീസ് സിമിത്തേരിയിൽ** | **6.00** | **15.00** | | **9.00** | | **30.00** |
| വലിയ ഒപ്പീസ് | 7.00 | 15.00 | 2 X 10.00 | 8.00 | | 50.00 |
| **അന്നീദാ** | | **5.00** | | | | **5.00** |
| ലദീഞ്ഞ് പള്ളിയിൽ | 10.00 | 20.00 | | 15.00 | 15.00 | 60.00 |
| ലദീഞ്ഞ് പള്ളിക്കുവെളിയിൽ | 15.00 | 25.00 | | 20.00 | 20.00 | 80.00 |
| മാദ്ധ്യസ്ഥാപേക്ഷ ദിവസത്തിന് (നൊവേന) | 15.00 | 25.00 | | 10.00 | | 50.00 |
| അമ്പ്, മുടി മുതലായവ | 20.00 | | | | | 20.00 |
| അടിമവയ്ക്കൽ | 4.00 | 12.00 | | 4.00 | | 20.00 |
| വീടുവെഞ്ചരിപ്പ് | | 60.00 | | 40.00 | | 100.00 |
| നാളോത്ത്, പുലകുളി, ചാത്തം | | 60.00 | | 40.00 | | 100.00 |
| ഊട്ട്, പള്ളിയിൽ | 15.00 | 20.00 | | 15.00 | | 50.00 |
| ഊട്ട്, വീട്ടിൽ | 10.00 | 55.00 | | 35.00 | | 100.00 |
| ഏസ്തി | 15.00 | | | 35.00 | | 50.00 |
| മണിയടി | 30.00 | | | 50.00 | | 80.00 |
| ശവസംസ്കാരം | 80.00 | | | 120.00 | | 200.00 |
| പൈതൽ ഊട്ട്- ഒരു കുർബാന, ബാക്കി സാധുക്കൾക്ക് | | | | | | 300.00 |
| മുതിർന്നവരുടെ ഊട്ട്- ഒരു കുർബാന, ബാക്കി സാധുക്കൾക്ക് | | | | | | 400.00 |

*Bishop*

## C. 16/2022 New Appointments

### Parish Priest

Pallickamury - Rev. Fr. George Kadukummakal

### Parochial Vicars

| | | | |
|---|---|---|---|
| Kalayanthany | - | Rev. Fr. Emmanuel Vellamkunnel | |
| Karakunnam | - | Rev. Fr. Martin Kachiraparekudiyil | |
| Kodikulam | - | Rev. Fr. Paul Akkapadickal | |
| Marady | - | Rev. Fr. Paul Avarappattu | |
| Vazhakulam | - | Rev. Fr. Mathew Tharappil | |
| Arakuzha | - | Rev. Fr. Joseph Vettikuzhichalil | 8547762013 |
| Muthalakodam | - | Rev. Fr. Kurian Chettoor | 9656318030 |
| Muvattupuzha | - | Rev. Fr. John Kanayankal | 9497386004 |
| Nediakad | - | Rev. Fr. Kuriakose Manjakadambil | 8330873067 |
| Nellimattam | - | Rev. Fr. Kurian Kureekattil | 7736377170 |
| Oonnukal | - | Rev. Fr. Scaria Methippara | 9373856018 |
| Pannimattam | - | Rev. Fr. George Manjakadambil SVD | 8821972617 |
| Udumbannoor | - | Rev. Fr. Mathew Ramanattu | 9446208212 |
| Velielchal | - | Rev. Fr. James Kallarackal | 9495513075 |

### Other Offices

| | | |
|---|---|---|
| Rev. Fr. Antony Njaliparambil | - | Asst. Warden, Jeeva Jyothi Hostel |
| Rev. Fr. Joseph Kunnumpurathu (Jr) 6238175832 | - | Vice Rector, Divine Mercy Shrine |
| Rev. Fr. Mathew M. Mundackal | - | Administrator, Kristhujyothy International School Malayinkeezhu |
| Rev. Fr. George Edathala | - | Principal, Kristhujyothy International School Malayinkeezhu |
| Fr. Paul Avarappattu | - | Vice Principal, Nirmala Public School Muvattupuzha |
| Rev. Fr. Kurian Kureekattil<br>Rev. Fr. Scaria Methippara | - | Notaries, Eparchial Tribunal |

**Relieved**

| | | |
|---|---|---|
| Rev. Fr. Mathew Pittappillil | - | Parish Priest, Pallickamury |
| Rev. Fr. Joseph Vallomkunnel | - | Notary, Eparchial Tribunal |

*Bishop*

C. *17/2022* **അജപാലന സന്ദർശനം**

കോവിഡിന്റെ അതിത്രീവ്രവ്യാപനംമൂലം ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ അജപാലന സന്ദർശനം ഉണ്ടായിരിക്കുന്നതല്ല.

*Bishop*

C. *18/2022* **വൈദിക സമ്മേളനവും മാർ മാത്യു പോത്തനാമുഴി പിതാവിന്റെ അനുസ്മരണവും**

കോവിഡിന്റെ അതിത്രീവ്രവ്യാപനംമൂലം ഫെബ്രുവരി 8-ാം തീയതി ചൊവ്വാഴ്ച കത്തീഡ്രലിൽ വച്ച് നടത്താനിരുന്ന രൂപതാവൈദികരുടെ സമ്മേളനവും മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 40-ാം ചരമവാർഷികവും വി. ബലിയും തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതല്ല.

*Bishop*

C. *19/2022*

**Corporate Educational Agency, Diocese of Kothamangalam**

(Nirmala College of Pharmacy, Muvattupuzha)

**NOTIFICATION**

Recruitments to be done for Academic Year 2022-2023. Applications are invited from eligible candidates for the following disciplines.

| | | |
|---|---|---|
| 1. Pharmaceutics | : | Assistant Professor (Freshers/Experienced) |
| 2. Pharmaceutical Chemistry | : | Assistant Professor (Freshers/Experienced) |
| 3. Pharmacology | : | Assistant Professor (Freshers/Experienced (minimum of 5 years experince) |
| 4. Pharmacy Practice | : | Professor/PhD holders with a minimum of 5 years experience as Associate Professor |
| 5. Pharmacognosy | : | Professor/PhD holders with a minimum of 5 years experience as Associate Professor |

Apply within 2022 February 15 Kindly attach CV
The Administrator - 9447292536
email- nip_mvpa@yahoo.co.in

*Manager*

*C. 20/2022* **രൂപത സാമ്പത്തിക കാര്യാലയത്തിലേക്കുള്ള ഫീസുകൾ**

ഇടവകകളിൽ നിന്നുള്ള 2021-2022 വർഷത്തെ തിരട്ട് ഫീസ്, മറ്റ് രൂപതാ പിരിവുകൾ എന്നിവ മാർച്ച് മാസം 15-ന് മുമ്പായി രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

*Procurator*

*JS.1/2022* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2022 ഫെബ്രുവരി 26 ശനിയാഴ്ച രാവിലെ 11.00 മണിക്ക് ബിഷപ്സ് ഹൗസിൽ വച്ച് നടത്തുന്നതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 14 വിദ്യാർത്ഥികൾക്ക് 25,000 രൂപ വീതമാണ് നല്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 114 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാപരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 14 പേരെ തെരഞ്ഞെടുത്തത്. സ്കോളർഷിപ്പിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | Liya James | Pulparambil | Ambikapuram |
| 2 | Anitta Tony | Karakombil | Cathedral |
| 3 | Aleena George | Mudavankunnel | Kadalikad |
| 4 | Anjaly Jose | Nellikunnel | Kalloorkadu |
| 5 | Binimol Benny | Poovannikunnel | Muttathupara |
| 6 | Chinju Xavier | Mundakakudy | Nadukani |
| 7 | Tony John | Koickakudy | Neendapara |
| 8 | Joyal Joseph | Chamakkalayil | Neendapara |
| 9 | Minu Sojan | Thachiyath | Nellimattam |
| 10 | Elizabeth Joshy | Vazhakalayil | Thodupuzha |
| 11 | Alphy Domy | Chelappurath | Vandamattam |
| 12 | Justin Jacob | Palayikudiyil | Vannappuram |

| | | | |
|---|---|---|---|
| 13 | Anitta Thomas | Chimmanikattu | Vazhakala |
| 14 | Maria Elizabeth John | Pinakkattuparambil | Velielchal |

*Secretary*

# മൈനർ സെമിനാരി

*MS 2 /2022* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1. | Mr Francis Thomas Pichappillil, Kozhikode | ₹ | 3,000.00 |
| 2. | Mr Martin A.S. Adackanatt, Anicadu | ₹ | 10,000.00 |
| 3. | A Benefactor | ₹ | 5,000.00 |
| 4. | A Benefactor | ₹ | 10,000.00 |

*Rector*

# വിജ്ഞാനഭവൻ

*V. 10/2022* **ടീച്ചേഴ്സ് സെമിനാർ, സമ്മാനദാനം മാറ്റിവെച്ചു**

ഫെബ്രുവരി 6, 13, 20, 27 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരുന്ന ടീച്ചേഴ്സ് സെമിനാർ, ഫെബ്രുവരി 12-ാം തീയതിയിലെ സമ്മാനദാനം എന്നിവ കോവിഡ് പശ്ചാത്തലത്തിൽ മാറ്റിവെച്ചിരിക്കുന്നു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

*V. 11/2022* **Mission Quest 2022 വിജയികൾ**

Mission Quest 2022 ആഗോളതലത്തിൽ നടന്ന ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ പൈങ്ങോട്ടൂർ ഇടവകാംഗമായ അഗാസ ബെന്നിക്കും രൂപതാ വിജയികൾക്കും അഭിനന്ദനങ്ങൾ.

**രൂപതാ വിജയികൾ**

**മതബോധന വിദ്യാർത്ഥികൾ**

1) അഗാസ ബെന്നി, പൈങ്ങോട്ടൂർ
2) ആൻ മരിയ ജോർജ്ജ്, പൈങ്ങോട്ടൂർ
3) സൈറാ റോസ് ബേബി, കുറുപ്പംപടി

**മുതിർന്നവർ**

1) സി. മരിയ മൂലേക്കുടിയിൽ SABS ആനിക്കാട്

2) സി. ബിനീത വട്ടത്തോട്ടത്തിൽ SABS ആനിക്കാട്
3) സി. റെജി വട്ടക്കുന്നേൽ SABS ആനിക്കാട്

*V. 12/2022* **ലോഗോസ് ക്വിസ് 2021 – വിജയികൾ**

**സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടിയവർ**

1) ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ, പന്നിമറ്റം (Group F)
2) സി. സോഫിയ മാത്യു FCC, മൂവാറ്റുപുഴ (Group D)

**രൂപത വിജയികൾ**

Group A

1) ഡാലിയ ജോസ് ഒറ്റപ്ലാക്കൽ, ഏനാനല്ലൂർ
2) അൽഫോൻസ അനീഷ് വട്ടക്കുടിയിൽ, ചാലാശ്ശേരി
3) ക്രിസ്റ്റോ ഷിബു ആറ്റുപുറത്ത്, മാലിപ്പാറ
4) ജോയ്സ് ആൻ നീരോലിക്കൽ, ഏനാനല്ലൂർ
5) ടിങ്കിൾ സിജു ചാമക്കാലായിൽ, ആരക്കുഴ
അനിയ മരിയ ഷിബു കുന്നത്തേൽ, നെടിയകാട്
കാതറിൻ ഷിബു തോമസ് തേവറേഴത്ത്, വാഴക്കുളം

Group B

1) അഷിത ബെന്നി കൊളവേലിൽ, നാകപ്പുഴ
2) ജിത്തു മാമച്ചൻ കച്ചിറയിൽ, വടാട്ടുപാറ
3) ആൻജോ സാബു വില്ലംതാനത്ത്, കാളിയാർ
4) കെവിൻ സിബി കാരക്കാട്ട്, പോത്താനിക്കാട്
5) ക്ലിന്റ മരിയ ജോർജ് കീത്താപ്പിള്ളിൽ, കുണിഞ്ഞി
ആൻ മരിയ എസ്. മംഗലത്തുകുന്നേൽ, കരിമണ്ണൂർ
കൃപാമരിയ സിബി കാരക്കാട്ട്, പോത്താനിക്കാട്

Group C

1) അമലു അമൽ ചാത്തംകോട്ട്, കോട്ടപ്പടി
2) മരിയ ബിനോയി വാക്കണ്ടം, കല്ലാനിക്കൽ
3) അലീന ബെന്നി കളമ്പനാൽ CMC, അരിക്കുഴ
4) നിമ്മി ലാൽ കാവാട്ട്, കത്തീഡ്രൽ
5) എമിലിൻ പ്രതീഷ് കാഞ്ഞിരക്കൊമ്പിൽ, കുറുപ്പംപടി
ട്രീസ ജെസ്റ്റിൻ തുരുത്തേൽ, ആരക്കുഴ
സി. ആൽവിൻ മരിയ CMC, രാജഗിരി

Group D

1) സി. സോഫിയ മാത്യു FCC, മൂവാറ്റുപുഴ
2) സ്വപ്ന ടി തെക്കേവീട്ടിൽ, ഞാറക്കാട്
3) സി. സെറീന പുനത്തിൽ SABS, ആനിക്കാട്
4) സി. ജ്യോതി മരിയ തടിക്കൽ SH, ചാലാശ്ശേരി
5) സി. ജെസീന SH, പൂയംകുട്ടി
   ജിജി നിജോ എടശ്ശേരിയിൽ, തൊടുപുഴ ഈസ്റ്റ്
   ജോബി തോമസ് പീച്ചാട്ട്, നെല്ലിമറ്റം

Group E

1) റോസിലി ബെന്നി മൺതടത്തിൽ, പൈങ്ങോട്ടൂർ
2) ഉഷ ജോസ് പറമ്പൻ, മൂവാറ്റുപുഴ
3) സി. സൂസൻ തട്ടാറുകുന്നേൽ SABS, തൊടുപുഴ
4) ലത ആനി മടക്കത്താനം
5) ജെസി ജോണി മുണ്ടയ്ക്കൽ, അരിക്കുഴ
   സ്റ്റെല്ലാ ജോയി വള്ളിക്കാട്ട്, ആരക്കുഴ

Group F

1) ഏലിക്കുട്ടി തോമസ് മണിയമ്പ്രയിൽ, പന്നിമറ്റം
2) എൽസി പൈലി കടവുങ്കൽ, തൊടുപുഴ ഈസ്റ്റ്
3) റോസമ്മ പോൾ താഴുത്തേടത്ത്, കലയന്താനി
4) മേരി ജോസ് ഇടത്തല, കത്തീഡ്രൽ
5) ലില്ലി ജെയിംസ് കുന്നുമ്മേൽ, തൊടുപുഴ ഈസ്റ്റ്
   സി. അലക്സിസ് FCC, വണ്ടമറ്റം
   ചിന്നമ്മ ജോർജ് കവുന്നുകാട്ടിൽ, കുണിഞ്ഞി

**ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിശ്വാസപരിശീലകർ**

1) സി. ആൽവിൻ മരിയ CMC, രാജഗിരി (Group C)
2) സി. സോഫിയ മാത്യു FCC, മൂവാറ്റുപുഴ (Group D)
3) ജെയ്സമ്മ സേവ്യർ പറക്കാട്ടുകുഴിയിൽ, പെരുമ്പല്ലൂർ (Group E)
4) റോസമ്മ പോൾ താഴുത്തേടത്ത്, കലയന്താനി (Group F)

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

1) സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം
2) സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം

3) സെന്റ് ജോർജ് ഫൊറോന ചർച്ച്, മുതലക്കോടം

**അംഗസംഖ്യയുടെ അനുപാതത്തിൽ ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

1) സെന്റ് മേരീസ് ചർച്ച്, മുട്ടത്തുപാറ
2) സെന്റ് ജോസഫ്സ് ചർച്ച്, മുടവൂർ
3) സെന്റ് തോമസ് ചർച്ച്, മലയിഞ്ചി

**ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച കോൺഗ്രിഗേഷൻ – FCC**

*V. 13/2022* **ലോഗോസ് ക്വിസ് 2021 ഓൺലൈൻ**

വിജ്ഞാനഭവനും പയസ് X$^{th}$ സൺഡേ സ്കൂൾ ചാലാശ്ശേരിയും സംയുക്തമായി നടത്തിയ ഓൺലൈൻ ലോഗോസ് ക്വിസ് മത്സര വിജയികൾ.

Online logos Quiz - 2021 (Section 5-8)

1) ജിസ് എലിസബത്ത് നീരോലിക്കൽ, ഏനാനല്ലൂർ
2) എൽസീന തോമസ് വലിയവീട്ടിൽ, മാലിപ്പാറ
3) ആൻ ജോ സാബു വില്ലന്താനത്ത്, കാളിയാർ

Online logos Quiz - 2021 (Section 9-12)

1) ആൻ മരിയ ബെന്നി പഴമ്പിള്ളിൽ, മൂവാറ്റുപുഴ
2) ആൻ മരിയ എസ്. മംഗലത്തുകുന്നേൽ, കരിമണ്ണൂർ
3) ആൻഡ്രിയ ബിജു കദളിയിൽ, ചെപ്പുകുളം

Online logos Quiz - 2021 (Section Elders)

1) സി. സൂസൻ തട്ടാറുകുന്നേൽ SABS, തൊടുപുഴ
2) ഉഷാ ജോസ് പറമ്പൻ, മൂവാറ്റുപുഴ
3) ലില്ലി റ്റി.ജെ. കൊറ്റനാടൻ, കുറുപ്പംപടി

Online logos Quiz - 2021 (Section Sunday School Teachers)

1) സി. ആൻ മേരി തടത്തിൽ SABS, കദളിക്കാട്
2) സിനി ആന്റണി നെടുങ്കല്ലേൽ, നാകപ്പുഴ
3) മഞ്ചു ബിനു കല്ലംകുന്നേൽ, പഴമ്പിള്ളിച്ചാൽ

പ്രോത്സാഹന സമ്മാനങ്ങൾ

1) ജോയ്സ് ആൻ നീരോലിക്കൽ, ഏനാനല്ലൂർ
2) റിയാന മേരി റോയി വാലുമ്മേൽ, കുണിഞ്ഞി
3) ജിത്തു മാമ്മച്ചൻ കച്ചിറയിൽ, വടാട്ടുപാറ

4) ജോബിൻ അലക്സ് വടക്കേക്കര, അരിക്കുഴ

5) ഡിൻസി മാത്യു ചന്ദ്രൻകുന്നേൽ, തൊടുപുഴ

*V. 14/2022* **വിശ്വാസപരിശീലന രംഗത്ത് – 40, 15, 10 വർഷം പൂർത്തിയാക്കുന്നവർ**

**40**

കുര്യാക്കോസ് കെ.കെ. കാഞ്ഞിരത്തുങ്കൽ, ഊന്നുകൽ

**15**

ടോമി ജോസഫ് കൊച്ചുകാഞ്ഞിരത്തിങ്കൽ, കോലടി

ബിന്ദു തോമസ് മാങ്കുഴ, കുറുപ്പംപടി

**10**

മിനി ജോർജ് തച്ചിലേടത്ത്, വടകോട്

സിജി ഷാജി പാണനാൽ, കോലടി

ബിന്ദു ജിമ്മി കൊച്ചുകാഞ്ഞിരത്തിങ്കൽ, കോലടി

ജോളി തോമസ് പറമ്പേൽ, കുറുപ്പംപടി

*V. 15/2022* **സീറോ മലബാർ കുർബാനയുടെ നവീകരിച്ച തക്സ, കുർബാന പുസ്തകം**

സീറോ മലബാർ കുർബാനയുടെ നവീകരിച്ച തക്സയും ജനങ്ങളുടെ ഉപയോഗത്തിനുള്ള കുർബാന പുസ്തകവും വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. ഫോൺ: 9497031873

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 3/2022* **ഓൺലൈൻ ക്ലാസ്സുകൾ**

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ക്ലാസ്സുകൾ നന്നായി മുന്നോട്ട് പോകുന്നുവെന്ന് പ്രതീക്ഷിക്കുന്നു. ക്ലാസ്സുകളിൽ കുട്ടികളുടെ പങ്കാളിത്തവും പഠനനിലവാരവും അദ്ധ്യാപകർ ഉറപ്പ് വരുത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Edn. 4/2022* **10, 12 പരീക്ഷകൾ**

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പഠനഭാഗങ്ങൾ കൃത്യസമയത്ത് തന്നെ പൂർത്തിയാക്കി കുട്ടികളെ പരീക്ഷയ്ക്ക് ഒരുക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Secretary*

# സോഷ്യൽ സർവീസ്

*SS. 5/2022* **സേവ് എ ഫാമിലി പ്ലാനിലേക്ക് അപേക്ഷ ക്ഷണിക്കുന്നു**

കോതമംഗലം രൂപത സോഷ്യൽ സർവീസസിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണ പദ്ധതിയായ SAFP യിലേക്ക് കുട്ടമ്പുഴ, വണ്ണപ്പുറം, ഉടുമ്പന്നൂർ, ആലക്കോട് പഞ്ചായത്തുകളിൽനിന്നും അർഹരായ ഗുണഭോക്താക്കൾക്ക് അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷകരുടെ യോഗ്യതകൾ താഴെ ചേർക്കുന്നു.

1. 13 വയസ്സിൽ താഴെ പ്രായമുള്ള ഒരു കുട്ടി ഉണ്ടായിരിക്കണം.
2. അപേക്ഷകർ ഏതെങ്കിലും സ്വയംതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരായിരിക്കണം.

   (മുകളിൽ പറഞ്ഞിട്ടുള്ള രണ്ട് നിബന്ധനകളും നിർബന്ധമായും പാലിക്കേണ്ടതാണ്.)
3. വിധവയോ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതോ, വിവാഹം കഴിക്കാതെ അമ്മയായ സ്ത്രീയോ നേതൃത്വം കൊടുക്കുന്ന കുടുംബം.
4. കാൻസർ/HIV/AIDS, ക്ഷയം, കുഷ്ഠം എന്നീ രോഗങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധിക്കപ്പെട്ട അംഗം ഉള്ള കുടുംബം.
5. 40% എങ്കിലും ശാരീരികമോ, മാനസികമോ ആയ വൈകല്യം ബാധിച്ച അംഗമുള്ള കുടുംബം.

   (3, 4, 5 നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് നിർബന്ധമായും ഉണ്ടായിരിക്കണം.)
6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബം.
7. കക്കൂസ് ഇല്ലാത്ത കുടുംബം.
8. 500 മീറ്ററിനുള്ളിൽ കുടിവെള്ളം ലഭിക്കാത്ത കുടുംബം.

9. വാസയോഗ്യമായ വീടില്ലാത്ത കുടുംബം.
(6, 7, 8, 9 മാനദണ്ഡങ്ങളിൽ മൂന്ന് എണ്ണം നിർബന്ധമായും ഉണ്ടായിരിക്കണം.)

ഈ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള കുടുംബങ്ങൾ മേല്പറഞ്ഞ പഞ്ചായത്തുകളിൽ ഉണ്ടെങ്കിൽ താഴെ പറയുന്ന നമ്പറിൽ അറിയിക്കുക. Ph. 8547396013, 944404827 (ജോസ് കോടമുള്ളിൽ)

### *SS. 6/2022* **ആശാകിരണം കോയിൻ ബോക്സ് കളക്ഷൻ**

ആശാകിരണം കാൻസർ സുരക്ഷാപദ്ധതി ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി വീടുകളിൽ വച്ചിരിക്കുന്ന ബോക്സുകളിൽ നിന്നുമുള്ള കളക്ഷൻ ഇനിയും എടുക്കാത്ത ഇടവകകൾ അവ എത്രയും നേരത്തെ എടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇതിനോടകം പലരും കളക്ഷൻ എടുത്ത് KSSS ഓഫീസിൽ ഏല്പിക്കുകയുണ്ടായി. അവർക്കുള്ള നന്ദി ഈയവസരം അറിയിക്കുന്നു. കളക്ഷൻ ശേഖരിച്ചുകഴിയുമ്പോൾ KSSS ഓഫീസിൽ അറിയിച്ചാൽ അവ ഇടവകയിൽവന്ന് കളക്ട് ചെയ്യുന്നതാണ്. കളക്ഷൻ തന്ന ഇടവകകളുടെ പേര് വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| മാറിക | – | 1,00,000 |
| വടകോട് | – | 10,000 |
| നിർമ്മലമാത, മൂവാറ്റുപുഴ | – | 28,000 |
| കാളിയാർ | – | 72,500 |
| ഊന്നുകൽ | – | 25,000 |
| നടുക്കര | – | 43,300 |
| ആരക്കുഴ | – | 19,050 |
| ചിറ്റൂർ | – | 50,000 |
| ഞാറക്കാട് | – | 72,791 |
| നെടിയശാല | – | 1,25,000 |
| ചെപ്പുകുളം | – | 7,500 |
| നാകപ്പുഴ | – | 1,06,000 |

### *SS. 7/2022* **ജീവ നോട്ട് ബുക്ക്**

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നേര്യമംഗലത്ത് പ്രവർത്തിക്കുന്ന 'ജീവ നോട്ട് ബുക്ക്' യൂണിറ്റിൽ കുട്ടികൾക്കായുള്ള നോട്ട് ബുക്കുകൾ തയ്യാറാണ്. കോർപ്പറേറ്റിന്റെ കീഴി

ലുള്ള എല്ലാ സ്കൂളുകളിലേക്കും ഇതിനോടകം കത്തും, ഓർഡർ ഫോമും അയച്ചിട്ടുണ്ട്. ബഹു. മാനേജർ അച്ചന്മാർ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഫോൺ: 9605103767

### *SS. 8/2022* **Community Empowerment Programme (CEP)**

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും സംഘടനകളുടെയും സഹകരണത്തോടെ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രോഗ്രാമാണ് CEP. ഇതിലേക്ക് ഓരോ ഇടവകയിൽനിന്നും 5 ആളുകളെ ചേർക്കുന്ന കാര്യവും help desk -ലേക്ക് ആളുകളെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും മുൻപ് ദൈവരാജ്യത്തിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും അറിയിച്ചിരുന്നതാണ്. എന്നാൽ ഇതുവരെയും '6' ഇടവകകളിൽനിന്ന് മാത്രമാണ് പേര് ചേർത്തിട്ടുള്ളത്. കാലതാമസം കൂടാതെ CEP help desk എല്ലാ ഇടവകകളിലും രൂപീകരിക്കുകയും അയച്ചു തന്നിരിക്കുന്ന google form പൂർത്തീകരിച്ചു നൽകുകയും ചെയ്യുന്ന കാര്യം ബഹു. ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

*Director*

---

## ചെറുപുഷ്പ മിഷൻലീഗ്

### *CML 6/2022* **Dream Believe Do Repeat - Live Webinar for GEMS**

ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്ക് 2022 ജനുവരി 23 ഞായറാഴ്ച വൈകുന്നേരം 7.00 മുതൽ 8.00 മണി വരെ Live Webinar നടത്തി. സെഷൻ നയിച്ചത് MG University ഉദ്യോഗസ്ഥനും ഇടുക്കി മുൻ KCYM ഭാരവാഹിയും Resource Person, Trainer & Writer കൂടിയായ ശ്രീ. ജോയി പ്ലാത്തറയാണ്. Webinar-ൽ സംബന്ധിച്ച എല്ലാവർക്കും നന്ദി.

### *CML 7/2022* **Joseph on reels**

കോതമംഗലം ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ രൂപതാതലത്തിൽ നടത്തുന്ന ഇൻസ്റ്റാഗ്രാം റീൽസ് മത്സരത്തിലെ വിജയികൾ:

| | | |
|---|---|---|
| First Prize | - | Don Savio, Kalayanthani Unit |
| Second Prize | - | Rosmy Joby, Velielchal Shakha |

| | | |
|---|---|---|
| Third Prize | - | Alanta Mariya Shaji, Udumbannoor Shakha |
| Consolation Prize | - | Rexon Sabu, Mathirappilly Shakha |
| Consolation Prize | - | Geo Mani, Kothamangalam Shakha |
| Best Views | - | Don Savio, Kalayanthani Unit |
| Best Views | - | Alanta Mariya Shaji, Udumbannoor Shakha |

വിജയികൾക്ക് അഭിനന്ദനങ്ങൾ.

*CML 8/2022* **പ്ലാറ്റിനം ജൂബിലി-കവിതാ രചന മത്സരം**

പ്ലാറ്റിനം ജൂബിലി വർഷാചരണത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ നടത്തിയ കവിതാ രചന മത്സരത്തിൽ വിജയികൾ :

Senior Section

Second Prize - Aleena Raju Palithazhath, Velielchal Shakha.

Super Senior Section

First Prize - Amlu Kunnath, Arakuzha Shakha വിജയികളായ എല്ലാവർക്കും ചെറുപുഷ്പമിഷൻലീഗ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

*CML 9/2022* **FAMILY TIME**

രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശാഖ സന്ദർശനം 9-1-2022-ന് കുത്തുങ്കൽ ശാഖയിൽ വച്ച് നടത്തപ്പെട്ടു.

*Director*

---

# കെ.സി.എസ്.എൽ.

*KCSL. 6/2022* **2021 എക്സലൻസ് അവാർഡ് ജേതാക്കൾ**

UP വിഭാഗം

എൽഹ എൽസ ജോഫി - സെന്റ് സെബാസ്റ്റ്യൻസ് HSS, ആനിക്കാട്

HS വിഭാഗം

എബിൻ ഷിജോ - സെന്റ് ലിറ്റിൽ തെരേസാസ് HS, വാഴക്കുളം

HSS വിഭാഗം

സിൽജ റോസ് ജോമോൻ - സെന്റ് അഗസ്റ്റിൻ HSS, കോതമംഗലം

*KCSL. 7/2022* **സ്റ്റഡി സർക്കിൾ**

അമ്മയായ ഭൂമി എന്ന ഈ വർഷത്തെ പാഠപുസ്തകത്തെ ആസ്പദമാക്കി നടത്തിയ സ്റ്റഡി സർക്കിൾ മത്സരത്തിൽ വിജയിച്ച സ്കൂളുകൾ.

UP വിഭാഗം

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | വിമലമാത HSS, കദളിക്കാട് |
| രണ്ടാം സ്ഥാനം | - | സെന്റ് ലിറ്റിൽ തെരേസാസ് HS, വാഴക്കുളം |
| മൂന്നാം സ്ഥാനം | - | സെന്റ് ജോസഫ് HSS, പൈങ്ങോട്ടൂർ |

HS വിഭാഗം

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | നിർമ്മല HSS, മൂവാറ്റുപുഴ |
| രണ്ടാം സ്ഥാനം | - | സെന്റ് ജോസഫ് HS, ആരക്കുഴ |
| മൂന്നാം സ്ഥാനം | - | സെന്റ് മേരീസ് HSS, കാളിയാർ |

HSS വിഭാഗം

| | | |
|---|---|---|
| ഒന്നാം സ്ഥാനം | - | സെന്റ് അഗസ്റ്റിൻ HSS, കോതമംഗലം |
| രണ്ടാം സ്ഥാനം | - | സെന്റ് ജോസഫ് HSS, പൈങ്ങോട്ടൂർ |
| മൂന്നാം സ്ഥാനം | - | സെന്റ് മേരീസ് HSS, കാളിയാർ |

*KCSL. 8/2022* **പുസ്തക പ്രകാശനം**

കാളിയാർ സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾ തയ്യാറാക്കിയ പുസ്തക പ്രകാശനം നടത്തി.

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 3/2022* **'Amoris Laetitia' Quiz**

- ഇടവകയിൽ നടത്തിയ ക്വിസ് മത്സരത്തിൽ വിജയികളായ 2 പേരെ ഫൊറോനതലത്തിലുള്ള മത്സരത്തിലേക്ക് തിരഞ്ഞെടുക്കേണ്ട താണ്.
- ഫൊറോനതല മത്സരം 2022 ഫെബ്രുവരി 12 ശനിയാഴ്ച ഉച്ചക ഴിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പോസ്തലേറ്റ് ഫൊറോന ഡയറ

ക്ടർമാരുടെയും ആനിമേറ്ററിന്റെയും നേതൃത്വത്തിൽ നടത്തണം.

- ഓരോ കാറ്റഗറിയിൽനിന്നും 2 പേരെ വീതം രൂപതാതലത്തിലേക്ക് തിരഞ്ഞെടുത്ത് അവരുടെ പേരുവിവരം ഫെബ്രുവരി 20-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.
- രൂപതാതല മത്സരം 2022 ഫെബ്രുവരി 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും.
- രൂപതാതല വിജയികൾക്ക് ഓരോ കാറ്റഗറിയിലും 1-ാം സമ്മാനം ₹ 5001, 2-ാം സമ്മാനം ₹ 3001, 3-ാം സമ്മാനം ₹ 2001. രൂപതാതലത്തിൽ മത്സരിക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കുന്നതാണ്.

*FA 4/2022* **പ്രീ മാര്യേജ് കോഴ്സ്**

ഫെബ്രുവരി - 9, 10, 11 NESTT
ഫെബ്രുവരി - 25, 26, 27 NESTT

*Director*

---

# പിതൃവേദി

*PV 2/2022* **പുതിയ യൂണിറ്റ്**

കീരംപാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ് തുടങ്ങി.16-01-22-ൽ ബഹു. വികാരി സെബാസ്റ്റ്യൻ വലിയതാഴത്ത് അച്ചന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ നൂറോളം പിതാക്കന്മാർ പങ്കെടുത്തു. മുൻ ഡയറക്ടർ കൂടിയായ വികാരിയച്ചൻ പിതൃവേദിയുടെ ആവശ്യകതയേപ്പറ്റി വളരെ വിശദമായി സംസാരിച്ചു. രൂപതാ പ്രസിഡന്റ് പ്രൊഫ. ജോസ് എബ്രാഹം പിതൃവേദിയുടെ പ്രവർത്തനരീതിയെപ്പറ്റി വിശദീകരിച്ചു.

അതിനു ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ജിജി പോൾ പുളിയ്ക്കൽ പ്രസിഡന്റായും ഷിജോ സി. മാത്യു ചെറായിൽ വൈസ് പ്രസിഡന്റായും ജോമിറ്റ് ജോയി കൊച്ചുകാവുംപുറത്ത് സെക്രട്ടറിയായും റെജി ജോർജ് മുണ്ടുകണ്ടേടത്ത് ജോയിന്റ് സെക്രട്ടറിയായും ജോണിച്ചൻ ആൻഡ്രൂസ് തെങ്ങുംപറമ്പിൽ ട്രഷറർ ആയും ഷൈമോൻ

തോമസ്, ജോർജ് ജേക്കബ്, സൈൻ ജോർജ്, സാബി അഗസ്റ്റിൻ, ദേവസിക്കുട്ടി, ജോൺസൺ ജോസഫ് എന്നിവർ കമ്മിറ്റി അംഗങ്ങളായും ഭരണ സമിതിയെ തെരഞ്ഞെടുത്തു. രൂപതാ ട്രഷറർ ദേവസിക്കുട്ടി നന്ദി രേഖപ്പെടുത്തി.

*Director*

## മാതൃവേദി

### *MV 2/2022* സെനറ്റ് മീറ്റിംഗ്

മാതൃവേദി സെനറ്റ് മീറ്റിംഗ് 2022 ഫെബ്രുവരി 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് NESTT പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നതായിരിക്കും.

### *MV 3/2022* ബൈബിൾ പകർത്തിയെഴുത്ത് മത്സരം

കഴിഞ്ഞ വർഷങ്ങളിലെ പോലെ ഈ വർഷവും ബൈബിൾ പകർത്തിയെഴുത്ത് മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. അതിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. മാർച്ച് 31-ന് രജിസ്ട്രേഷൻ പൂർത്തിയാക്കി NESTT-ൽ എത്തിക്കേണ്ടതാണ്. ഫീസ് 50 രൂപ. 4 വിഭാഗങ്ങളിലായിരിക്കും രജിസ്ട്രേഷൻ.

A വിഭാഗം - മാതാക്കൾ
B വിഭാഗം - പിതാക്കൾ
C വിഭാഗം - യുവജനങ്ങൾ, കുട്ടികൾ
D വിഭാഗം - ഫാമിലി ബൈബിൾ

എഴുതേണ്ട ഭാഗങ്ങളും നിബന്ധനകളും ഏപ്രിൽ 1-ന് അറിയിക്കുന്നതായിരിക്കും.

*Director*

## DCMS

### *DCMS 2/2022* അനുശോചിച്ചു

DCMS സംസ്ഥാന ഡയറക്ടർ ബഹു. ജോസ് വടക്കേകുറ്റ് അ

ച്ചന്റെ മാതാവ് മറിയക്കുട്ടി കുര്യൻ വടക്കേകുറ്റിന്റെ വേർപാടിൽ 15-1-2022 കൊഴുവനാട് ഭവനത്തിൽ എത്തി DCMS കോതമംഗലം രൂപതാ സമിതി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിന്റെ നേതൃത്വത്തിൽ രൂപതാ പ്രസിഡന്റ് ജോളി ജോസഫ്, രൂപതാ വൈസ് പ്രസിഡന്റ് ബിജു ജോസഫ് എന്നിവർ അനുശോചനം അറിയിച്ചു. പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്

*DFC 4/2022* **രൂപത കമ്മിറ്റി**

ജനുവരി 4-ന് കോതമംഗലം കത്തീഡ്രൽ പള്ളി ഹാളിൽ വച്ച് രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. Teachers copy renewal, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇടവകകളിൽ നടത്തുന്ന Dream Line Project കൾ എന്നിവ ചർച്ച ചെയ്തു.

*DFC 5/2022* **സ്റ്റേറ്റ് കമ്മിറ്റി**

കോട്ടയം ദീപിക ഓഫീസിൽ വച്ച് ജനുവരി 12-ന് സംസ്ഥാന സമിതിയോഗം ചേർന്നു. സംസ്ഥാന വനിതാ വിഭാഗം പ്രസിഡന്റ് ശ്രീമതി മിനി മാനുവൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ, ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ എന്നിവർ നേതൃത്വം നൽകി. രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേലിന്റെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

*Co-ordinator*

# യുവദീപ്തി - KCYM

*YD 5/2022* **KCYM**

കേരള കത്തോലിക്കാസഭയിലെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ KCYM-ന്റെ സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം പാലക്കാട് വച്ച് നടത്തപ്പെട്ടു. കോതമംഗലം രൂപതയെ പ്രതിനിധീകരിച്ച് സെനറ്റ് അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുക്കുകയും കഴിഞ്ഞ ഒരു

വർഷത്തെ പ്രവർത്തന റിപ്പോർട്ട് സെനറ്റിൽ അവതരിപ്പിക്കുകയും ചെയ്തു.

*YD 6/2022* **നോമ്പുകാല ചിന്തകൾ**

വലിയനോമ്പ് ആരംഭം മുതൽ ഈസ്റ്റർ വരെ KCYM -ന്റെ നേതൃത്വത്തിൽ 14 ഫൊറോനകളെയും കോർത്തിണക്കി നോമ്പുകാല ചിന്തകളും പ്രാർത്ഥനാകൂട്ടായ്മകളും ഓൺലൈനായും ഓഫ്‌ലൈനായും നടത്താൻ തീരുമാനിച്ചു. വിശദവിവരങ്ങൾ സർക്കുലർ വഴി ഭാരവാഹികളെ അറിയിക്കുന്നതാണ്.

*Director*

## ജീസസ് യൂത്ത്

*JY 7/2022* **The Seraphic Stage (Night Vigil)**

നൈറ്റ് വിജിൽ ജനുവരി 7-ന് 6.30 pm മുതൽ 12.45 am വരെ NESTT-ൽ വച്ച് നടത്തപ്പെട്ടു.

*JY 8/2022* **Movement of Grace**

എല്ലാ തിങ്കളാഴ്ചയും രാത്രി 9.30 pm ന് Movement of Grace എന്ന പേരിൽ സോണൽ ഇന്റർസെഷൻ നടത്തപ്പെടുന്നു.

*JY 9/2022* **Family Gathering**

ഫാമിലി മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫാമിലികളുടെ gathering മൂവാറ്റുപുഴ NESTT-ൽ വച്ച് ജനുവരി 8-ന് നടത്തപ്പെട്ടു. ധാരാളം ഫാമിലികൾക്ക് കുടുംബസമേതം പങ്കെടുക്കാൻ സാധിച്ചു.

*JY 10/2022* **TOC (Teens of Christ)**

Teens Ministry യുടെ നേതൃത്വത്തിൽ TOC ജനുവരി 15-ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടക്കുകയുണ്ടായി.

*JY 11/2022* **Inchoor Parish one day**

ഇഞ്ചൂർ ഇടവകയിലെ സൺഡേ സ്കൂൾ വിദ്യാർഥികൾക്കു വേണ്ടി ജനുവരി 16-ന് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ one day പ്രോഗ്രാം നടത്തപ്പെട്ടു.

*Animator*

# കത്തോലിക്കാ കോൺഗ്രസ്

*CC 4/2022* **കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതി**

കോവിഡാനന്തര പ്രവർത്തനങ്ങളുടെയും, യൂത്ത് കൗൺസി ലിന്റെയും, രൂപത സമിതി കാര്യാലയത്തിന്റെയും ഉദ്ഘാടനം അഭിവന്ദ്യ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവ്വഹിച്ചു.

11-12-2021 ശനിയാഴ്ച മൂവാറ്റുപുഴ നെസ്റ്റിൽ രൂപത പ്രസിഡന്റ് ജോസ് പുതിയേടത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് രൂപത ജനറൽ സെക്രട്ടറി ശ്രീ.ജോൺ മുണ്ടൻകാവിൽ സ്വാഗതം ആ ശംസിച്ചു. രൂപത ഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ ആ മുഖ പ്രഭാഷണവും, ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറ യന്നിലം മുഖ്യപ്രഭാഷണവും നടത്തി. ഗ്ലോബൽ സമിതി സെക്രട്ടറി ശ്രീ. ഐപ്പച്ചൻ തടിക്കാട്ട്, ഗ്ലോബൽ യൂത്ത് കൗൺസിൽ കോ-ഓർ ഡിനേറ്റർ ശ്രീ. സിജോ ഇലന്തൂർ എന്നിവർ ആശംസകളർപ്പിക്കു കയും രൂപത യൂത്ത് കൗൺസിൽ കോ-ഓർഡിനേറ്റർ ശ്രീ. ഷൈജു ഇഞ്ചക്കൽ കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 7/2022* **കരിസ്മാറ്റിക് ദിനാചരണം**

2022 വർഷത്തെ കരിസ്മാറ്റിക് ദിനാചരണം ജനുവരി 26-ാം തീ യതി രാത്രി 7 മുതൽ 10 വരെ ഓൺലൈനിൽ പ്രാർത്ഥന, വചന പ്രഘോഷണം, ദിവ്യകാരുണ്യാരാധന, അഭിഷേക പ്രാർത്ഥന എന്നി വയോടെ നടത്തപ്പെട്ടു. റവ. ഫാ. സഖറിയാസ് എടാട്ട് വി.സി. വചന പ്രഘോഷണം നടത്തി.

*PG 8/2022* **സബ് സോൺ കൂട്ടായ്മകൾ**

മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന ഇടവക പ്രാർത്ഥനാ ഗ്രൂപ്പുകളുടെ നേതൃ പുനഃസംഘടനയ്ക്ക് ഒരുക്കമായി ജനുവരി മാസ ത്തിൽ 8 സബ് സോണിലും പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങളുടെ കൂട്ടാ യ്മ നടത്തി.

*PG 9/2022* **മദ്ധ്യസ്ഥപ്രാർത്ഥന**

കാരക്കുന്നം ശുശ്രൂഷകൾക്കായും ഇടവക പ്രാർത്ഥനാഗ്രൂപ്പ്, സബ് സോൺ, സോൺ പുനഃസംഘടനയ്ക്ക് ഒരുക്കമായും വരുന്ന എല്ലാ ബുധനാഴ്ചകളിലും രാത്രി 9 മുതൽ 10 വരെ ഓൺലൈനിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. ഫെബ്രുവരി മാസത്തെ സോൺ മദ്ധ്യസ്ഥ പ്രാർത്ഥന 15-2-22, മൂന്നാം ചൊവ്വാഴ്ച നടക്കുന്നതാണ്.

*PG 10/2022* **കാരക്കുന്നം ശുശ്രൂഷകൾ**

കോതമംഗലം സോണിന്റെ നേതൃത്വത്തിൽ 21-01-2022, 28-01-2022 എന്നീ വെള്ളിയാഴ്ചകളിൽ രാവിലെ 9.30 മുതൽ 1.30 വരെ അർദ്ധദിന ശുശ്രൂഷകൾ നടത്തി. 04-02-2022 ആദ്യ വെള്ളിയാഴ്ച വൈകുന്നേരം 5 മുതൽ 9 വരെ രാത്രി ആരാധന (ജപമാല, വിശുദ്ധ കുർബാന, വചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന) കാരക്കുന്നം പള്ളിയിൽ നടത്തുന്നു.

*PG 11/2022* **സോൺ സർവീസ് ടീം**

ഫെബ്രുവരി മാസത്തെ സോൺ സർവീസ് ടീം 1-2-22 -ന് സോൺ ആനിമേറ്റർ ഫാ. ജോർജ്ജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ ഒരുമിച്ചു ചേരുന്നു.

*Director*

---

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 1/2022* **കീരംപാറ ഏരിയ കൗൺസിൽ ദശവത്സരാഘോഷം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കീരംപാറ ഏരിയ കൗൺസിലിന്റെ പത്താം വാർഷികവും കുടുംബ സംഗമവും നടത്തി. റവ. ഫാ. തോമസ് ജെ. പറയിടം ഉദ്ഘാടനം നിർവഹിച്ചു. സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് സാജു ഇടപ്പുളവൻ, ഏസി പ്രസിഡന്റ് ബ്ര. ജോസഫ് ചിറ്റൂപറമ്പിൽ എന്നിവർ സന്ദേശം നൽകി.

*SV 2/2022* **വിദ്യാഭ്യാസ പ്രോജക്ട്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മേത്തൊട്ടി സെന്റ് പോൾസ് കോൺഫറൻസിന് ഇംഗ്ലണ്ട് & വെയിൽസ് നാഷണൽ കൗൺസിൽ നൽകിയ വിദ്യാഭ്യാസ പ്രോജക്ട് വഴി ലഭിച്ച മേശകളും കസേരകളും ഇടവകയിലെ 13 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു. മേശകളുടെ താക്കോൽദാന ഉദ്ഘാടനം വികാരി റവ. ഫാ. തോമസ് പൂവത്തിങ്കൽ നിർവഹിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ബ്ര. ജോസ് കുര്യൻ കൂനംപാറയിൽ, കോൺ. പ്രസിഡന്റ് കുര്യാച്ചൻ വട്ടമറ്റം, ഏസി പ്രസിഡന്റ് ബ്ര. മൈക്കിൾ ഫ്രാൻസിസ് പ്ലാത്തോട്ടം എന്നിവർ സന്നിഹിതരായിരുന്നു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 3/2022* **തയ്യൽ തൊഴിലാളി SHG**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ തയ്യൽ തൊഴിലാളികൾക്ക് വേണ്ടിയുള്ള തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള SHG കൾക്ക് വേണ്ടിയിട്ടാണ് ഈ തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. ഏതെങ്കിലും ഇടവകയിൽ പുതിയതായി തയ്യൽ SHG കൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എത്രയും വേഗം കേന്ദ്ര ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

*KLM 4/2022* **പാലിയേറ്റീവ് റിസോഴ്സ് ടീം മീറ്റിംഗ്**

ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള പാലിയേറ്റീവ് റിസോഴ്സ് ടീമിന്റെ ഒരു മീറ്റിംഗ് 5-2-22 ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മുതൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ചേരും. രൂപത, സോണൽ തലങ്ങളിലുള്ള റിസോഴ്സ് ടീം മെമ്പേഴ്സ് ആണ് സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

*Director*

# ഇൻഫാം

*INF 2/2022* **യോഗം**

കാർഷികമേഖലയുടെ സമ്പൂർണ പുനരുദ്ധാരണം അടിയന്തര ആവശ്യമായി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പരിഗണിക്കണമെന്ന് ഇൻഫാം ആവശ്യപ്പെട്ടു. ഇൻഫാം കർഷക ദിനാചരണത്തോടനുബന്ധിച്ച് പൈങ്ങോട്ടൂർ പഞ്ചായത്ത് സമിതിയുടെ ആഭിമുഖ്യത്തിൽ പൈങ്ങോട്ടൂർ പാരിഷ് ഹാളിൽ ചേർന്ന യോഗത്തിലാണ് അഭിപ്രായം ഉയർന്നത്. കർഷകർ നേരിടുന്ന വെല്ലുവിളികൾ സംബന്ധിച്ച് നടത്തിയ ചർച്ചയ്ക്ക് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട്, യൂണിറ്റ് പ്രസിഡന്റ് ജോയി ചെറുകാട്ട് തുടങ്ങിയവർ നേതൃത്വം നൽകി. മികച്ച കർഷകരെ യോഗത്തിൽ ആദരിച്ചു. ഫലവൃക്ഷത്തൈകളും വിതരണം ചെയ്തു.

*Director*

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ഡിസംബർ 2021**

21 • കദളിക്കാട് പള്ളിയിൽ നവീകരിച്ച മദ്ബഹയുടെ പുനഃകൂദാശ കർമ്മം നിർവഹിച്ചു.

22 • പി.ഒ.സി.യിൽ നടന്ന കേരള കാത്തലിക് ഫെഡറേഷൻ മീറ്റിംഗിൽ പങ്കെടുത്തു.

• കോതമംഗലം സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ച് ഭിന്നശേഷിക്കാർക്കായി നടത്തിയ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

• മരണംമൂലം നമ്മിൽനിന്നും വേർപിരിഞ്ഞ സി. ഫിയോണ C.S.N. നെക്കുറിച്ചുള്ള പുസ്തകം പ്രകാശനം ചെയ്തു.

23 • നെസ്റ്റിൽ വച്ച് ഹെവ്പ്പദ്യാക്ക്നൂസ, കാറോയൂസ പട്ടങ്ങൾ നൽകി.

- പന്നിമറ്റം പള്ളിയിൽ നവീകരിച്ച മദ്ബഹയുടെ പുനഃകൂദാശാ കർമ്മം നിർവഹിച്ചു.

24 • ബിഷപ്പ്സ് ഹൗസിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

25 • കത്തീഡ്രൽ ദൈവാലയത്തിൽ പിറവിത്തിരുന്നാളിന്റെ തിരുക്കർമ്മങ്ങൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

26 • O. Carm സഭാംഗമായ ഡീ. ജെയ്ൻ ജോർജ് കോക്കാപ്പിള്ളിക്ക് മാറാടി സെന്റ് ജോർജ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

27 • ഡീ. ജോൺ കണയാങ്കലിന് പന്നിമറ്റം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

28 • ഡീ. മാത്യു രാമനാട്ടിന് കരിമണ്ണൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

- ബിഷപ്പ്സ് ഹൗസിൽവച്ച് നടന്ന കോളേജ് കൗൺസിലിന് അദ്ധ്യക്ഷത വഹിച്ചു.

29 • ഡീ. സ്കറിയ മെതിപ്പാറയ്ക്ക് ബസ്ലേഹം ഹോളി ഫാമിലി ദൈവാലയത്തിൽ വൈദികപട്ടം നൽകി.

30 • ഡീ. ജോസഫ് കുന്നുംപുറത്തിന് കുട്ടമ്പുഴ സെന്റ് മേരീസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

31 • ഡീ. കുര്യൻ മഞ്ഞക്കടമ്പിലിനും ഡീ. ജോർജ് മഞ്ഞക്കടമ്പിലിനും ഉടുമ്പന്നൂർ സെന്റ്സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

**ജനുവരി 2022**

01 • SDB സഭാംഗമായ ഡീ. ജോൺസ് ജോർജ് മഞ്ചപ്പിള്ളിലിന് കദളിക്കാട് വിമല മാതാ ദൈവാലയത്തിൽ വൈദികപട്ടം നൽകി.

02 • നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടന്ന സി. ആൻസി മരിയ മലേക്കണ്ടത്തിൽ FCC- യുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

- CST സഭാംഗമായ ഡീ. ജോർജ് നടകുന്നേലിന് കടവൂർ സെന്റ് ജോർജ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

03 • ഡീ. കുര്യൻ കുരീക്കാട്ടിലിന് പള്ളിക്കാമുറി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വൈദികപട്ടം നൽകി.

04 ● ഡീ. കുര്യൻ ചേറ്റൂരിന് കോട്ടപ്പടി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

05 ● ഡീ. ജെയിംസ് കല്ലറയ്ക്കലിന് തെന്നത്തൂർ ഫാത്തിമ മാതാ ദൈവാലയത്തിൽ വൈദികപട്ടം നൽകി.

● CST സഭാംഗമായ ഡീ. ജോസഫ് പാറേക്കാട്ടിലിന് കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

06 ● ഡീ. ജോസഫ് വെട്ടിക്കുഴിച്ചാലിന് തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

● MSJ സഭാംഗമായ ഡീ. ജോർജ് കുറവക്കാട്ടിന് കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ വൈദികപട്ടം നൽകി.

07-15● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

15 ● മംഗലപ്പുഴ സെമിനാരിയിൽ വച്ച് നടന്ന ബഹു. തോമസ് പെരിയപ്പുറം അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

16 ● കൊടുവേലി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്ന് മതബോധന ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു.

17 ● ബഹു. ജോൺ തോട്ടത്തിമാലിൽ അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് നെയ്യശ്ശേരി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

● രണ്ടാർ സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ ബഹു. മോൺ. മാത്യു വെള്ളാങ്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

18 ● ആലക്കോട് സെന്റ് തോമസ് മൂർ ദൈവാലയത്തിൽ വട്ടോടിയിൽ ജോബി-അനു ദമ്പതികളുടെ നാലാമത്തെ മകനായ ഫൗസ്റ്റീന് പ്രവേശക കൂദാശകൾ നൽകി.

● സി. കൊച്ചുറാണി തെക്കേൽ SABSന്റെ മാതാവ് എലിസബത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● പുറപ്പുഴ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ SJ സഭാംഗമായ ബഹു. ജെയിംസ് കളപ്പുര അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

- നെല്ലിമറ്റം സെന്റ് ജോസഫ് ദൈവാലയത്തിൽ ബഹു. ജോസഫ് ചെറിയാൻ കോയിക്കക്കുടി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19
- ബഹു. സിജൻ ഊന്നുകല്ലേൽ CMI അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
- മാറിക മഠത്തിൽ SABS സന്യാസിനീസഭാംഗമായ സി. സെബസ്തീനയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- നേഴ്സസ് ഗിൽഡിന്റെ ഓൺലൈൻ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.
- ഓൺലൈനായി നടത്തപ്പെട്ട കോതമംഗലം രൂപതയിലെ നവവൈദികരുടെ കൂട്ടായ്മയിൽ സംബന്ധിച്ച് ആശംസകൾ നേർന്ന് സംസാരിച്ചു.

20
- കാളിയാർ സെന്റ് റീത്താസ് യു. പി. സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.
- ഒറീസ്സയിലെ കട്ടക് രൂപതാംഗമായ ബഹു. പോൾ തോപ്പിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാളിയാർ സെന്റ് റീത്താസ് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
- കോഴിപ്പിള്ളി പ്രൊവിൻഷ്യൽ ഹൗസിൽ SD സന്യാസിനീസഭാംഗമായ സി. ബിയാട്രീസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | ചരമദിനം | 03-03-2016 |
| ഫാ. തോമസ് ചെമ്പരത്തി | ” | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| മോൺ. മാത്യു പാലമറ്റം | ” | 15-03-2016 |
| ഫാ. ജോസഫ് പുന്നയ്ക്കപടവിൽ | ” | 17-03-2019 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |

# നിര്യാതരായി

## സി. ലൂസീന CMC (കിഴക്കേൽ)

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 26-05-1926 |
| ആദ്യവ്രതം | - | 12-02-1951 |
| നിത്യവ്രതം | - | 01-01-1957 |
| മരണം | - | 20-12-2021 |
| മൃതസംസ്കാരം | - | 22-12-2021 (ആരക്കുഴ മഠം) |

## സി. പയസ് SD (പെലക്കുടിയിൽ)

| | | |
|---|---|---|
| ഇടവക | - | കോതമംഗലം |
| ജനനം | - | 17-01-1936 |
| ആദ്യവ്രതം | - | 07-01-1961 |
| നിത്യവ്രതം | - | 30-12-1967 |
| മരണം | - | 05-01-2022 |
| മൃതസംസ്കാരം | - | 05-01-2022 (കോഴിപ്പിള്ളി) |

## സി. സെബസ്തീന SABS (കോയിക്കക്കുടി)

| | | |
|---|---|---|
| ഇടവക | - | പുലിയൻപാറ |
| ജനനം | - | 20-11-1933 |
| ആദ്യവ്രതം | - | 25-04-1958 |
| നിത്യവ്രതം | - | 24-04-1962 |
| മരണം | - | 18-01-2022 |
| മൃതസംസ്കാരം | - | 19-01-2022 (മാറിക) |

## സി. ബാപ്റ്റിസ്റ്റ FCC പുതുമനത്തൊട്ടിയിൽ

| | | |
|---|---|---|
| ഇടവക | - | പൊന്നന്താനം |
| ജനനം | - | 08-06-1940 |
| ആദ്യവ്രതം | - | 07-05-1962 |
| നിത്യവ്രതം | - | 07-05-1965 |
| മരണം | - | 22-01-2022 |
| മൃതസംസ്കാരം | - | 24-01-2022 (ഈസ്റ്റ് വാഴപ്പിള്ളി) |

## കോതമംഗലം രൂപത കുടുംബത്തിന്റെ

# പ്രാർത്ഥനാശംസകൾ



**മാർ ജോസഫ് പാംപ്ലാനി**

തലശ്ശേരി മെത്രാപ്പോലീത്ത



**മാർ പീറ്റർ കൊച്ചുപുരയ്ക്കൽ**

പാലക്കാട് മെത്രാൻ



**കുണിഞ്ഞി സെന്റ് ആന്റണീസ് പള്ളിയുടെ നവീകരിച്ച മദ്ബഹ**

Deivarajyam
February 2022

R.N.7623/63
Registered No : KL/ALY/0020/2020-2022
Date Of Publication : 01/02/2022
Posted at Thodupuzha Stg.
Annual Subscription ₹100

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691,
Kerala, India
www.eparchyofkothamangalam.com
www.carlotv.com
eparchyofkothamangalam

SCAN NOW

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691